# ശാദി ഡോട് കോമിൽ നിന്ന് വിവാഹ സമ്മാനം

കൊച്ചി: വിവാഹ വേളയിൽ ശാദി ഡോട് കോം അംഗങ്ങളായ വധൂവരന്മാർക്ക് ലഭിക്കുന്ന സമ്മാനങ്ങൾ പാവപ്പെട്ടവർക്കു നീക്കിവയ്ക്കുന്ന പദ്ധതിക്കു തുടക്കമായി.

ഓൺലൈനിൽ സംഭാവനകൾ സ്വീകരിക്കുന്ന അംഗീകൃത ഏജൻസിയായ 'ഗിവ് ഇന്ത്യ' യ്ക്കാണ് വധൂവരന്മാരോ വിവാഹച്ചടങ്ങിന് ക്ഷണിക്കപ്പെട്ടവരോ നൽകുന്ന സമ്മാനങ്ങൾ പോവുക. ഗിവ് ഇന്ത്യ ഇവ പാവപ്പെട്ടവരെ സഹായിക്കുന്ന സന്നദ്ധ സംഘടനകളെ ഏൽപിക്കും. പ്രമുഖ വൈവാഹിക ഏജൻസിയായ ശാദിഡോട് കോമിൽ അംഗങ്ങളായവരുടെ വിവാഹ ക്ഷണക്കത്തിൽ തന്നെ ഈ അറിയിപ്പുണ്ടാവും. 'വിവാഹ സമ്മാനം വല്ലതും നൽകാനുദ്ദേശിക്കുന്നുവെങ്കിൽ അത് ഗിവ് ഇന്ത്യക്കയച്ചു കൊടുക്കുക'. കൂടാതെ വിവാഹ ബജറ്റിന്റേയും വിവാഹത്തിന് പണമായി ലഭിക്കുന്ന സമ്മാനത്തിന്റേയും ഒരു ഭാഗം ഗിവ് ഇന്ത്യയെ ഏൽപിക്കാനും അംഗങ്ങൾക്ക് ശാദി ഡോട് കോം നിർദേശം നൽകി.

ഇപ്രകാരം പിരിഞ്ഞുകിട്ടുന്ന തുക നിർധനരുടെ വിവാഹാവശ്യത്തിനും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമാണു വിനിയോഗിക്കുക.